super notes. by CIVILIANZ
+91 8281 223 366

# ഇംഗ്ലണ്ടിലെ വിപ്ലവം

പതിനേഴാം നൂറ്റാണ്ടിൽ നടന്ന വിപ്ലവം.

പ്യൂരിട്ടൻ വിപ്ലവം എന്നറിയപ്പെടുന്നത് - ഇംഗ്ലണ്ടിലെ വിപ്ലവം.

രണ്ട് പ്രധാന വിപ്ലവങ്ങൾ ചേർന്നാണ് ഇംഗ്ലണ്ടിലെ വിപ്ലവം എന്നറിയപ്പെടുന്നത് - 1642 ലെ ഇംഗ്ലണ്ടിലെ ആഭ്യന്തര കലാപം,1688 ലെ ഇംഗ്ലണ്ടിലെ രക്തരഹിത വിപ്ലവം.

പതിനേഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ട് ഭരിച്ചിരുന്ന രാജാക്കന്മാർ - സ്റ്റുവർട്ട് രാജാക്കന്മാർ.

പതിനേഴാം നൂറ്റാണ്ടിൻറെ തുടക്കത്തിൽ ഇംഗ്ലണ്ട് ഭരിച്ചിരുന്ന സ്റ്റുവർട്ട് രാജാവ് - ജെയിംസ് 1.

"ബിഷപ്പ് ഇല്ലെങ്കിൽ രാജാവില്ല" എന്ന് പറഞ്ഞത് - ജെയിംസ് 1.

ജെയിംസ് 1 ന് ശേഷം അധികാരത്തിൽ വന്നത് - ചാൾസ് 1

1628 ൽ ഇംഗ്ലണ്ടിലെ പാർലമെന്റ് ചാൾസ് രാജാവിനെ ചില അവകാശങ്ങൾ സമ്മതിപ്പിച്ചുകൊണ്ട് ഇറക്കിയ കരാർ - പെറ്റീഷൻ റൈറ്റ്സ്

1628 ലെ പെറ്റീഷൻ റൈറ്റിൽ ഒപ്പുവെച്ച ഇംഗ്ലണ്ടിലെ രാജാവ് -ചാൾസ് 1

രാജാവും പാർലമെന്റ് തമ്മിലുള്ള അവകാശത്തർക്കങ്ങളെ തുടർന്ന് ചാൾസ് രാജാവ് പാർലമെന്റ് ബലംപ്രയോഗിച്ചു പിരിച്ചു വിട്ടു.

1640 കാലഘട്ടത്തിൽ പാർലമെന്റ് വീണ്ടും വിളിച്ചുചേർക്കപ്പെട്ടു.

ആ പാർലമെന്റ് 21 വർഷം നീണ്ടുനിന്നു

WHATSAPP TELEGRAM INSTAGRAM YOUTUBE

ഈ പാർലമെന്റ് അറിയപ്പെടുന്നത് - ലോങ്ങ് പാർലമെന്റ്

ലോങ്ങ് പാർലമെന്റ് ഏത് വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു?

- ഇംഗ്ലണ്ടിലെ വിപ്ലവം.

ചാൾസ് രാജാവും പാർലമെന്റും തമ്മിലുള്ള അഭിപ്രായവ്യത്യാസം കൂടിക്കൂടി ഒരു ആഭ്യന്തര കലാപത്തിൽ എത്തുകയും 1642 ല് ഇംഗ്ലണ്ടിലെ ആഭ്യന്തരയുദ്ധം ആരംഭിക്കുകയും ചെയ്തു.

പാർലമെൻ്റിനു വേണ്ടി സംഘടിക്കപ്പെട്ട സൈന്യം

- ന്യൂ മോഡൽ ആർമി

സ്ഥാപകൻ - ഒലിവർ ക്രോംവെൽ

ന്യൂ മോഡൽ ആർമി ചാൾസ് രാജാവിനെ പരാജയപ്പെടുത്തി ഭരണം പിടിച്ചെടുക്കുകയും രാജാവിനെ വിചാരണചെയ്ത് വധിക്കുകയും ചെയ്തു

1642 ഇംഗ്ലണ്ടിലെ ആഭ്യന്തര കലാപത്തിനുശേഷം അധികാരത്തിൽ വന്നത്

- ഒലിവർ ക്രോംവെൽ

ഒലിവർ ക്രോംവെൽ ഇംഗ്ലണ്ടിലെ ഭരണം നടത്താനായി ഉണ്ടാക്കിയ ഭരണ സംവിധാനം - പ്രൊട്ടക്ടറേറ്റ്

പ്രോട്ടെക്ടറേറ്റിന്റെ അധിപൻ ആയി ഉണ്ടാക്കിയ തസ്തിക - ലോഡ് പ്രൊട്ടക്ടർ.

ഇംഗ്ലീഷ് ചരിത്രത്തിൽ പ്രൊട്ടക്ടർ/സംരക്ഷകൻ എന്നറിയപ്പെടുന്നത്

- ഒലിവർ ക്രോംവെൽ

ഇംഗ്ലണ്ടിലെ ആഭ്യന്തര കലാപത്തിന് ശേഷം ഇംഗ്ലണ്ടിൽ രാജഭരണം മാറി റിപ്പബ്ലിക്ക് ഭരണം കൊണ്ടുവന്നത് - ഒലിവർ ക്രോംവെൽ

ഒലിവർ ക്രോംവെലിന്റെ മരണശേഷം പാർലമെന്റ് ചാൾസ് ഒന്നാമന്റെ മകനായ ചാൾസ് രണ്ടാമനെ ഇംഗ്ലണ്ടിനെ ഭരണാധികാരി ആക്കി രാജഭരണം പുനഃസ്ഥാപിച്ചു

ചാൾസ് രണ്ടാമൻ്റെ കാലത്താണ് ഹേബിയസ് കോർപ്പസ് നിയമം (വിചാരണ കൂടാതെ ആരെയും തടവിൽ ആക്കാൻ പാടില്ല) പാസ്സാവുന്നത്

ചാൾസ് രണ്ടാമൻ്റെ മരണശേഷം അധികാരത്തിൽ വന്നത്- ജെയിംസ് രണ്ടാമൻ.

ജെയിംസ് രണ്ടാമൻ്റെ ദുർഭരണം കാരണം പാർലമെന്റ് ജെയിംസ് രണ്ടാമന്റെ ആദ്യ ഭാര്യയിലെ മകൾ മേരിയേയും ഭർത്താവ് വില്ല്യത്തെയും ഭരണം ഏറ്റെടുക്കാൻ ക്ഷണിക്കുന്നു.

അവർ ഹോളണ്ടിൽ നിന്നും സൈന്യത്തോടൊപ്പം ഇംഗ്ലണ്ടിൽ എത്തുന്നതറിഞ്ഞു ജെയിംസ് രണ്ടാമൻ ഫ്രാൻസിലേക്ക് പലായനം ചെയ്തു.

യുദ്ധവും രക്തച്ചൊരിച്ചിലും ഇല്ലാതെ ഇംഗ്ലണ്ടിൽ ഭരണം പുനഃസ്ഥാപിക്കപ്പെട്ടതിനാൽ ഈ സംഭവത്തെ 1688 ലെ ഇംഗ്ലണ്ടിലെ രക്തരഹിത വിപ്ലവം/glorious revolution എന്ന് വിളിക്കുന്നു.

കൊട്ടാരം വിപ്ലവം/palace revolution എന്നറിയപ്പെടുന്നത് - 1688 ലെ ഇംഗ്ലണ്ടിലെ രക്തരഹിത വിപ്ലവം.

രാജഭരണാധികാരികളിൽ നിന്നും പാർലമെന്റിന്റെ അധികാരം ഉറപ്പിക്കാൻ വേണ്ടി ഒരു കരാർ ഒപ്പിട്ടു - ബിൽ ഓഫ് റൈറ്റ്സ് പാർലമെന്റിലെ അധികാരത്തെ മാനിച്ചു

**കൊണ്ടുവേണം രാജാവ് രാജ്യം ഭരിക്കാൻ/പാർലമെൻ്റിന് പ്രാധാന്യം നൽകുന്ന അവകാശ പത്രിക**

**- ബിൽ ഓഫ് റൈറ്റ്സ് [1688]**

**ഇംഗ്ലണ്ടിൽ നിയന്ത്രിത രാജ വാഴ്ചയ്ക്ക് കാരണമായ സംഭവം**

**- 1688 ലെ ബിൽ ഓഫ് റൈറ്റ്സ്**

**ഇംഗ്ലണ്ടിൽ വനിതകൾക്ക് വോട്ടവകാശം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇംഗ്ലണ്ടിൽ ഉണ്ടായ ഫെമിനിസ്റ്റ് പ്രസ്ഥാനം - സഫ്രാഗെറ്റി പ്രസ്ഥാനം**

**1918 ൽ 30 വയസ്സു കഴിഞ്ഞ വനിതകൾക്ക് വോട്ടവകാശം ലഭിച്ചു.**

**ഇംഗ്ലണ്ടിൽ സാർവത്രിക വോട്ടവകാശം നിലവിൽ വന്നത് - 1928**

***[ adult suffrage - പ്രായപൂർത്തി വോട്ടവകാശം ]**